# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2015 ഡിസംബർ 8, ചൊവ്വ

## കാര്യവിവരപ്പട്ടിക

**1. ചോദ്യങ്ങൾ :**

പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക്ക് മറുപടി പറയുകയും ചെയ്യുന്നതാണ്.

**2. ശ്രദ്ധക്ഷണിക്കൽ :**

(1) സംസ്ഥാനത്ത് ബാങ്കുകളിൽ നിന്നും സാധാരണക്കാർക്ക് ആധാരം പണയപ്പെടുത്തി വായ്പ ലഭ്യമാക്കുവാൻ ഇടനിലക്കാരായി നിന്ന് അവരെ ചൂഷണം ചെയ്യുന്ന സംഘങ്ങളെയും, ഗഡുക്കൾ മുടക്കുന്നവർക്കെതിരെ ജപ്തി നടപടികൾ സ്വീകരിക്കുവാൻ ബാങ്കുകൾ ഏർപ്പാടാക്കുന്ന അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനികളുടെയും പ്രവർത്തനങ്ങൾ നിയന്ത്രിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. വി.ഡി. സതീശൻ ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

(2) തോട്ടം ഉടമകൾ അനധികൃതമായി കൈവശംവച്ചിരിക്കുന്ന ഭൂമിയിൽ തോട്ടം തൊഴിലാളികൾക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നതിനും അവരുടെ ചികിത്സ, കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനും ക്ഷേമനിധി ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കെ. കെ. ജയചന്ദ്രൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

**3. റിപ്പോർട്ട് സമർപ്പണം :**

(1) സഭാ നേതാവും കാര്യോപദേശക സമിതി അംഗവുമായ ശ്രീ. ഉമ്മൻ ചാണ്ടി സമിതിയുടെ ഇരുപത്തി മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(2) ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി IX-ന്റെ അദ്ധ്യക്ഷനുമായ ശ്രീ. കെ.സി. ജോസഫ് 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(3) വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി X–ന്റെ അദ്ധ്യക്ഷനുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ 2012–ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(4) പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി XIII-ന്റെ അദ്ധ്യക്ഷനുമായ ഡോ. എം.കെ. മുനീർ 2015–ലെ മുന്നോക്കവിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

**4. <u>റിപ്പോർട്ട് പരിഗണന :</u>**

കാര്യോപദേശക സമിതിയുടെ ഇരുപത്തി മൂന്നാമത് റിപ്പോർട്ട് പരിഗണന.

**5. <u>ധനകാര്യം</u>:**

മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി 2015–2016 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെയും 2011-2012, 2012-2013 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടെയും സ്റ്റേറ്റ്മെന്റുകൾ മേശപ്പുറത്തു വയ്ക്കുന്നതാണ്.

**6. <u>നിയമനിർമ്മാണകാര്യം :</u>**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും :

1) 2015–ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ.

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

2) 2015–ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ.

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2015 ഡിസംബർ, 7

പി.ഡി. ശാരംഗധരൻ,
സെക്രട്ടറി.

# THIRTEENTH KERALA LEGISLATIVE ASSEMBLY

## Fifteenth Session

Tuesday, December 8, 2015

## LIST OF BUSINESS

**I. Questions:**

Questions entered in the separate list to be asked and answered.

**II. Calling Attention:**

(1) Shri. V. D. Satheesan to call the attention of the Minister for Home and Vigilance to the necessity for taking steps to restrict the operations in the State, of the groups exploiting common people by acting as intermediaries for obtaining loans from banks by pledging their deeds and asset reconstruction companies engaged by banks for executing confiscation on the defaulters in payment of installments.

(2) Shri. K.K. Jayachandran to call the attention of the Chief Minister to the necessity to take steps for construction of houses to plantation workers on the land illegally possessed by plantation owners and to improve their medical facilities, educational facilities for children and to ensure their welfare fund benefits.

**III. Presentation of Reports :**

(1) Shri. Oommen Chandy, Leader of the House and Member, Business Advisory Committee to present the Twenty Third Report of the Committee.

(2) Shri. K.C. Joseph, Minister for Rural Development, Planning, Culture and NORKA and Chairman, Subject Committee-IX to present the Report of the Subject Committee on The Kerala Real Estate (Regulation and Development) Bill, 2015.

(3) Shri. Thiruvanchoor Radhakrishnan, Minister for Forests, Environment, Transport, Sports and Cinema and Chairman, Subject Committee-X to present the Report of the Subject Committee on The Kerala Public Service Commission (Additional Functions as Respects the Services Under the Kerala State Pollution Control Board) Bill, 2012.

(4) Dr. M.K. Muneer, Minister for Panchayats and Social Justice and Chairman, Subject Committee-XIII to present the Report of the Subject Committee on The Kerala State Commission for Forward Communities Bill, 2015.

**IV. Consideration of Report :**

Consideration of the Twenty Third Report of the Business Advisory Committee.

**V. Financial Business :**

Shri. Oommen Chandy, Chief Minister to lay on the table the Supplementary Financial Statement for the year 2015-2016 and Statements of excess grants for the years 2011-12, 2012-13.

**VI. Legislative Business :**

Introduction and Motion for reference to Subject Committee of the following Bills :

(1) The Malayalam language (Dissemination and Enrichment) Bill, 2015.

(Discussion to be concluded)

(2) The Non-Resident Indians, (Keralites) Commission Bill, 2015.

(Discussion to be concluded)

Secretariat of the Kerala Legislature,
Thiruvananthapuram,
December 7, 2015

P.D. Sarangadharan,
Secretary.